

ശിവദാസൻ എ.കെ.

# നിരാസത്തിന്റെ ആനന്ദം



സരതുസ്ട്ര പറയുന്നു

'ആദ്യജാതൻ എപ്പോഴും ബലിനൽകപ്പെടുന്നു. നാമാകട്ടെ ആദ്യജാതരത്രെ. അജ്ഞാതമായ ആൾത്താരയ്ക്കു മുൻപിൽ നമ്മുടെ ചോര വാർന്നൊഴുകുന്നു. പഴയ ബിംബങ്ങൾക്കു മുന്നിൽ നാം വറവുചട്ടിയിൽ പൊരിയുന്നു. നമ്മിൽ നല്ലവൻ ഇപ്പോഴും യൗവനക്കാരനത്രെ. നമ്മെപ്പോലുള്ളവർ ഇത് ആഗ്രഹിക്കുന്നു. അസ്തമയത്തിലേക്ക് പോകുന്നവനെ, സ്വയം സംരക്ഷിക്കാനാശിക്കാത്തവനെ ഞാൻ സ്നേഹിക്കുന്നു. കാരണം അവർ തരണം ചെയ്യുന്നവരത്രെ.'

സ്വീകരിക്കുക എന്നത് ഏവർക്കും ആനന്ദകരമാണ്. അതുകൊണ്ടാണ് സമ്മാനങ്ങൾ ചെറുതായാലും പ്രദർശിക്കപ്പെടുകയൊ, സൂക്ഷിക്കപ്പെടുകയോ ചെയ്യുന്നത്. സാധാരണമനുഷ്യർക്ക് സ്വീകരിക്കുമ്പോൾ ലഭിക്കുന്ന ആനന്ദം വ്യക്തി കേന്ദ്രീകൃതമായ ചിന്തകളുടെ പ്രതിഫലനമാകുന്നു. വ്യക്തി ഈയവസ്ഥയിൽ നിന്നും കുറേക്കൂടി വിശാലതലത്തിലേക്ക് ഉയരുമ്പോൾ സ്വീകരിക്കുന്നതിനൊപ്പം നൽകുക എന്നത് കൂടി ആഹ്ലാദകരമായ അനുഭവമാകുന്നു. നൽകുക എന്നത് മറ്റൊരുതരത്തിൽ നിരാസവുമാകാം. രാജകുമാരനിൽ നിന്ന് ഭിക്ഷുവിലേക്കുള്ള ബുദ്ധന്റെ മഹാപരിത്യാഗത്തോളം നിരാസത്തിന്റെ മഹത്വം നമുക്ക് വെളിവാക്കുന്ന മറ്റൊരു ഉദാഹരണമില്ല. അങ്ങനെ ഇഷ്ടപ്പെട്ടത് സ്വീക



**ഉള്ളിൽ പ്രതികരണത്തിന്റെ തീക്കനലുമായി ദക്ഷിണാഫ്രിക്കയിൽ നിന്ന് ഇന്ത്യയിലേക്ക് തിരിച്ചു വന്ന മോഹൻദാസ് കരം ചന്ദ് ഗാന്ധി എന്ന യുവാവ് മൂന്ന് പതിറ്റാണ്ട് നീണ്ട ആത്മബലത്തിന്റെ പോരാട്ടത്തിലൂടെ മാനവികതയുടെ പുതിയ പതാകാവാഹകനായി. സ്വാതന്ത്ര്യത്തിന്റെ രാത്രിയിൽ, താൻ സ്വപ്നം കണ്ട മുഹൂർത്തത്തിൽ മുറിവേറ്റ ഇന്ത്യയുടെ മാറിലൂടെ കാരുണ്യത്തിന്റെ മനസ്സുമായി മഹാത്മാവ് അലഞ്ഞു.**

രിക്കുക എന്നതിനപ്പുറം, ഇഷ്ടപ്പെട്ടത് നിരസിക്കുക എന്നതും ആനന്ദം തന്നെ എന്നുവരുന്നു.

ക്യൂബൻ വിപ്ലവം കഴിഞ്ഞ് തനിയ്ക്ക് നൽകിയ രാജ്യത്തിന്റെ ഉന്നതപദവികൾ പിന്നീട് ചെഗുവേര കയ്യൊഴിയുകയായിരുന്നു. എണ്ണമറ്റ പോരാട്ടങ്ങൾക്ക് നീക്കിവെച്ചു ആ ജീവിതം. ചെഗുവേര ഇന്നും ലോകത്തിലെ യുവത്വത്തിന് ആവേശമാണ്. എന്താണ് സംഭവിക്കുക എന്ന് അറിഞ്ഞുകൊണ്ടുതന്നെ, പോരാട്ടങ്ങൾക്കിടയിൽ ബൊളിവിയയിലെ കാടുകളിൽ വെച്ച് ആ ജീവൻ പൊലിഞ്ഞു. എങ്ങനെയാണ് ജീവന്റെ നിരാസമെന്ന മഹത്തായ ബലിദാനം താൻ ആസ്വദിക്കുന്നത് എന്ന് വായ്ത്താരികൾക്കപ്പുറം ചരിത്രമായ ചെഗുവേര കാണിച്ചുതരുന്നു.

ഉള്ളിൽ പ്രതികരണത്തിന്റെ തീക്കനലുമായി ദക്ഷിണാഫ്രിക്കയിൽ നിന്ന് ഇന്ത്യയിലേക്ക് തിരിച്ചു വന്ന മോഹൻദാസ് കരം ചന്ദ് ഗാന്ധി എന്ന യുവാവ് മൂന്ന് പതിറ്റാണ്ട് നീണ്ട ആത്മബലത്തിന്റെ പോരാട്ടത്തിലൂടെ മാനവികതയുടെ പുതിയ പതാകാവാഹകനായി. സ്വാതന്ത്ര്യത്തിന്റെ രാത്രിയിൽ, താൻ സ്വപ്നം കണ്ട മുഹൂർത്തത്തിൽ മുറിവേറ്റ ഇന്ത്യയുടെ മാറിലൂടെ കാരുണ്യത്തിന്റെ മനസ്സുമായി ആ മഹാത്മാവ് അലഞ്ഞു. ജീവിതത്തിൽ താൻ ആനന്ദത്തോടെ നിരസിച്ചതെല്ലാം തന്റെ സഹോദരരുടെ ആനന്ദത്തിനു തന്നെ എന്ന് പഠിപ്പിയ്ക്കുന്ന ജീവിതം ലോകത്തിനദ്ദേഹം ബാക്കിവെച്ചു.

"അവനവനാത്മസുഖത്തിനാചരിക്കുന്നവ

അപരന്നു സുഖത്തിനായ് വരേണം"

